"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി - കടമക്കുടി ഗ്രാമപഞ്ചായത്ത് - പിഴല 550 മീറ്റർ റോഡ് നിർമാണം - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.988/2024/LSGD    തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. 06.03.2024, 25.03.2024, 07.05.2024 തീയതികളിലെ ജിഡ സെക്രട്ടറിയുടെ ജിഡ/551/2023 നമ്പർ കത്തുകൾ
2. 06.01.2024-ൽ കൂടിയ ജിഡയുടെ മുപ്പത്തി അഞ്ചാമത് ജനറൽ കൗൺസിൽ തീരുമാനം

**ഉത്തരവ്**

കടമക്കുടി പഞ്ചായത്തിലെ മൂലമ്പിള്ളി-പിഴല പാലത്തിന്റെ തുടർച്ചയായ, 550 മീറ്റർ നീളമുള്ള റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണമെന്നും, ടി പദ്ധതിയ്ക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗം 5,48,20,000/- രൂപയുടെ എസ്റ്റിമേറ്റ്, റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടുണ്ടെന്നും സൂചന (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റോഡ് വീതികൂട്ടുന്നതിനുള്ള പദ്ധതിയുടെ ഫണ്ട് ജിഡയുടെ സ്വന്തം ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണെന്നുമുള്ള നിബന്ധനയിൽ മേൽ പദ്ധതിയ്ക്ക് അനുമതി നല്കണമെന്ന് ജിഡ സെക്രട്ടറി സൂചന (1) കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മൂലമ്പിള്ളി-പിഴല പാലത്തിന്റെ തുടർച്ചയായ, 550 മീറ്റർ നീളമുള്ള റോഡ് വീതി കൂട്ടുന്ന പദ്ധതിയ്ക്കായി 5,48,20,000/- രൂപ (അഞ്ച് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം ) ജിഡയുടെ സ്വന്തം ഫണ്ടിൽ നിന്നും വകയിരുത്തണം എന്ന നിബന്ധനയോടെ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വെബ് &ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 07-06-2024 12:58:45

സെക്ഷൻ ഓഫീസർ